**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4922 | 27.06.2014 ൽ മറുപടിയ്ക്ക് |
|---|---|
| **ചാത്തന്നൂരിലെ അംഗൻവാടികളുടെ പുനരുദ്ധാരണം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. ജി. എസ്. ജയലാൽ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) ചാത്തന്നൂർ ഐ.സി.ഡി.എസ്. ഓഫീസിന്റെ പരിധിയിൽ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം എത്ര അംഗൻവാടികളുടെ പുനരുദ്ധാരണം നടത്തുന്നതിലേക്കാണ് നിർദ്ദേശം ലഭിച്ചിരിക്കുന്നത്; പ്രസ്തുത അംഗൻവാടികളുടെ പേരും നമ്പരും അറിയിക്കുമോ ; | (എ) ചാത്തന്നൂർ പ്രദേശം ഉൾപ്പെടുന്ന ഇത്തിക്കര ഐ.സി.ഡി.എസ് പ്രോജക്ടിന്റെ കീഴിലുള്ള ചുവടെ പറയുന്ന അംഗൻവാടികൾക്കാണ് നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം അംഗൻവാടി കെട്ടിടം നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുളളത്. |
| (ബി) നിർദ്ദേശിച്ച അംഗൻവാടികൾ എല്ലാംതന്നെ പുനരുദ്ധാരണം നടത്തുവാൻ വിധം സൗകര്യങ്ങൾ ഉള്ളവയായിരുന്നോ; ഇല്ലെങ്കിൽ ഏതെല്ലാം അംഗൻവാടികളെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ടി വന്നുവെന്നും അതിനുള്ള കാരണം എന്തെല്ലാമാണെന്നും അറിയിക്കുമോ ; | (ബി) ഇത്തിക്കര ഐ.സി.ഡി.എസ്സ്- ന്റെ കീഴിൽ വരുന്ന ചിറക്കര പഞ്ചായത്തിലെ 118-ാം നമ്പർ അംഗൻവാടിയ്ക്ക് നബാർഡ്-ആർഐഡിഎഫ് പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കാൻ പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും പ്രസ്തുത അംഗൻവാടിയ്ക്ക് 20 ലക്ഷം രൂപ ചെലവിൽ നിലവിൽ കെട്ടിടം നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുള്ളതിനാൽ നബാർഡ്- ആർഐഡിഎഫ് പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ നിന്നും പ്രസ്തുത അംഗൻവാടിയെ ഒഴിവാക്കിയിട്ടുണ്ട്. |
| (സി) പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുവാനായി തെരഞ്ഞെടുക്കപ്പെട്ട അംഗൻവാടികൾ ഏതെല്ലാമാണെന്നും ഇതിലേക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ? | (സി) അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി ഇത്തിക്കര പ്രോജക്ടിന്റെ കീഴിൽ വരുന്ന അംഗൻവാടി നം.10,42 എന്നിവയെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഉത്തരവ്, മാർഗ്ഗ നിർദ്ദേശങ്ങൾ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. |

Table in answer (എ):

| നം | പ്രോജക്ട് | പഞ്ചായത്ത് | അംഗൻവാടി നം. |
|---|---|---|---|
| 1 | ഇത്തിക്കര | ആദിച്ചനല്ലൂർ | 10 |
| 2 | ഇത്തിക്കര | ചാത്തന്നൂർ | 42 |
| 3 | ഇത്തിക്കര | ചിറക്കര | 118 |

സെക്ഷൻ ഓഫീസർ